

# ജനഹിതം

## വാർത്താപത്രിക

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം

സെപ്റ്റംബർ 2025 ലക്കം 9


# അന്തിമ വോട്ടർപട്ടികയിൽ 2.83 കോടി വോട്ടർമാർ

### 1,33,52,951 പുരുഷന്മാർ, 1,49,59,245 സ്ത്രീകൾ, 276 ട്രാൻസ് ജെൻഡേഴ്സ്

സെപ്റ്റംബർ രണ്ടിന് പ്രസിദ്ധീകരിച്ച സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളുടെ വോട്ടർപട്ടികയിൽ ആകെ 2,83,12,472 വോട്ടർമാർ. തദ്ദേശസ്ഥാപനങ്ങളിലെ വാർഡ് പുനർവിഭജനത്തിന് ശേഷം പുതിയ വാർഡുകളിലെ പോളിംഗ് സ്റ്റേഷനടിസ്ഥാനത്തിലാണ് പുതുക്കിയ അന്തിമവോട്ടർപട്ടിക തയ്യാറാക്കിയിട്ടുള്ളത്. 1,33,52,951 പുരുഷൻമാരും 1,49,59,245 സ്ത്രീകളും 276 ട്രാൻസ്ജെൻഡേഴ്സുമാണ് പട്ടികയിൽ ഉള്ളത്. 2025 ജനുവരി ഒന്നിനോ അതിന് മുൻപോ 18 വയസ്സ് പൂർത്തിയായവരെ ഉൾപ്പെടുത്തിയാണ് പട്ടിക തയ്യാറാക്കിയത്. ഇതിനു പുറമെ, പ്രവാസി വോട്ടർപട്ടികയിൽ ആകെ 2087 പേരുണ്ട്.

14 ജില്ലകളിലായി 941 ഗ്രാമപഞ്ചായത്തുകളിലെ 17337 വാർഡുകളിലെയും 87 മുനിസിപ്പാലിറ്റികളിലെ 3240 വാർഡുകളിലെയും ആറ് കോർപ്പറേഷനുകളിലെ 421 വാർഡുകളിലെയും അന്തിമ വോട്ടർപട്ടികയാണ് പ്രസിദ്ധീകരിച്ചത്. വോട്ടർപട്ടിക കമ്മീഷന്റെ sec.kerala.gov.in വെബ്സൈറ്റിലും അതാത് തദ്ദേശസ്ഥാപനങ്ങളിലും താലൂക്ക്, വില്ലേജ് ഓഫീസുകളിലും പരിശോധനയ്ക്ക് ലഭ്യമാണ്. കരട് വോട്ടർപട്ടിക സംബന്ധിച്ച് ഓഗസ്റ്റ് 12 വരെ ലഭിച്ച അപേക്ഷകളും ആക്ഷേപങ്ങളും പരിശോധിച്ചും ഹീയറിംഗ് നടത്തിയുമാണ് ഇലക്ടറൽ രജിസ്ട്രേഷൻഓഫീസർമാർ അന്തിമ വോട്ടർപട്ടിക തയ്യാറാക്കിയത്.

### സംക്ഷിപ്തപുതുക്കൽ 2025

| ജില്ല | പുരുഷൻ | സ്ത്രീ | ട്രാൻസ് ജെൻഡർ | ആകെ | പ്രവാസി |
|---|---|---|---|---|---|
| തിരുവനന്തപുരം | 1341958 | 1545277 | 29 | 2887264 | 29 |
| കൊല്ലം | 1038204 | 1204842 | 21 | 2243067 | 42 |
| എറണാകുളം | 1263674 | 1370426 | 35 | 2634135 | 71 |
| തൃശ്ശൂർ | 1277151 | 1459718 | 26 | 2736895 | 157 |
| കോഴിക്കോട് | 1253480 | 1401460 | 32 | 2654972 | 902 |
| കണ്ണൂർ | 973629 | 1136315 | 13 | 2109957 | 351 |
| പത്തനംതിട്ട | 484850 | 566190 | 3 | 1051043 | 41 |
| ആലപ്പുഴ | 829942 | 948577 | 11 | 1778530 | 49 |
| കോട്ടയം | 776362 | 846896 | 11 | 1623269 | 37 |
| ഇടുക്കി | 440147 | 465410 | 10 | 905567 | 7 |
| പാലക്കാട് | 1137980 | 1265833 | 21 | 2403834 | 37 |
| മലപ്പുറം | 1709923 | 1840188 | 47 | 3550158 | 297 |
| വയനാട് | 309228 | 330211 | 5 | 639444 | 10 |
| കാസർകോട് | 516419 | 577892 | 12 | 1094323 | 57 |
| ആകെ | **13352947** | **14959235** | **276** | **28312458** | **2087** |

സംക്ഷിപ്ത പുതുക്കലിനായി ജൂലൈ 23 ന് പ്രസിദ്ധീകരിച്ച കരട് വോട്ടർപട്ടികയിൽ ആകെ 2,66,78,256 വോട്ടർമാരാണുണ്ടായിരുന്നത്. വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ 29,81,310 പുതിയ അപേക്ഷകരുണ്ടായിരുന്നു. ഉൾക്കുറിപ്പ് തിരുത്തുന്നതിന് 13,859 പേരും, വാർഡ് / പോളിംഗ് സ്റ്റേഷൻ മാറ്റുന്നതിന് 1,80,789 പേരും അപേക്ഷിച്ചിരുന്നു. പട്ടികയിൽ നിന്നും പേര് ഒഴിവാക്കുന്നതിന് ആകെ 4,88,024 ആക്ഷേപങ്ങളാണ് ലഭിച്ചിരുന്നത്. 2020 ലെ പൊതുതിരഞ്ഞെടുപ്പിന് ആകെ 2,76,56,910 (1,31,72,755 പുരുഷൻമാരും, 1,44,83,915 സ്ത്രീകളും, 240 ട്രാൻസ്ജെൻഡേഴ്സും) വോട്ടർമാരാണുണ്ടായിരുന്നത്. പ്രവാസി വോട്ടർപട്ടികയിൽ ആകെ 2162 പേരാണുണ്ടായിരുന്നത്.

## തദ്ദേശതിരഞ്ഞെടുപ്പ് : ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ സജ്ജമായി

തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പിനുള്ള ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ വോട്ടെടുപ്പിന് ഉപയോഗിക്കാൻ സജ്ജമായി. ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ (ഇ.വി.എം) ആദ്യഘട്ട പരിശോധന (FLC–ഫസ്റ്റ് ലെവൽ ചെക്കിംഗ്) പൂർത്തിയായി.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉടമസ്ഥതയിലുള്ള 137922 ബാലറ്റ് യൂണിറ്റുകളും, 50693 കൺട്രോൾയൂണിറ്റുകളും ആണ്, അവയുടെ നിർമ്മാതാക്കളായ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തി, ജില്ലകളിലെ സ്ട്രോംഗ് റൂമുകളിൽ സൂക്ഷിച്ചിട്ടുള്ളത്. പരിശീലനം ലഭിച്ച ആയിരത്തോളം ഉദ്യോഗസ്ഥരാണ് ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിലെ 29 എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ വോട്ടിംഗ് യന്ത്രങ്ങളുടെ പ്രവർത്തനക്ഷമത പരിശോധിച്ചത്. 14 ജില്ലകളിലുമായി 21 കേന്ദ്രങ്ങളിൽ വച്ചാണ് വോട്ടിംഗ് യന്ത്രങ്ങളുടെ പരിശോധന നടത്തിയത്.

**എഫ്.എൽ.സി കഴിഞ്ഞ് പ്രവർത്തനസജ്ജമായ മെഷീനുകളുടെ ജില്ലതിരിച്ചുള്ള എണ്ണം**

| ജില്ല | എണ്ണം | |
|---|---|---|
| | ബാലറ്റ് യൂണിറ്റ് | കൺട്രോൾ യൂണിറ്റ് |
| തിരുവനന്തപുരം | 11859 | 4652 |
| കൊല്ലം | 11044 | 4091 |
| പത്തനംതിട്ട | 6184 | 2180 |
| ആലപ്പുഴ | 9207 | 3305 |
| കോട്ടയം | 9516 | 3405 |
| ഇടുക്കി | 6467 | 2194 |
| എറണാകുളം | 11680 | 4658 |
| തൃശ്ശൂർ | 13157 | 4577 |
| പാലക്കാട് | 12339 | 4371 |
| മലപ്പുറം | 16174 | 5902 |
| കോഴിക്കോട് | 11024 | 4283 |
| വയനാട് | 3663 | 1379 |
| കണ്ണൂർ | 9680 | 3609 |
| കാസർഗോഡ് | 5928 | 2087 |
| ആകെ | 137922 | 50693 |

ജൂലൈ 25 ന് ആരംഭിച്ച പരിശോധന ഒരു മാസം കൊണ്ടാണ് പൂർത്തിയാക്കിയത്. സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷന്റെ ഇ.വി.എം കൺസൾട്ടന്റ് എൽ.സൂര്യനാരായണൻ ആണ് ജില്ലാതലത്തിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയത്. ഇ.വി.എം ട്രാക്ക് എന്ന സോഫ്റ്റ് വെയറിന്റെ സഹായത്തോടെയാണ് ഇ.വി.എമ്മുകളുടെ വിന്യാസം നടത്തുന്നത്. അതാത് ജില്ലാ കളക്ടർമാരുടെ ചുമതലയിലാണ് ഇവ ഇപ്പോൾ സ്ട്രോംഗ്റൂമുകളിൽ സൂക്ഷിച്ചിട്ടുള്ളത്.

## സംവരണ വാർഡുകൾ: നറുക്കെടുപ്പ് ഒക്ടോബർ 13 മുതൽ

തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പിൽ സംവരണവാർഡുകൾ നിശ്ചയിക്കുന്നതിനുള്ള നറുക്കെടുപ്പ് ഒക്ടോബർ 13 മുതൽ 21 വരെയുള്ള ദിവസങ്ങൾക്കുള്ളിൽ നടത്തണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു. നറുക്കെടുപ്പിനായി അധികാരപ്പെട്ട ഉദ്യോഗസ്ഥർ അനുയോജ്യമായ ദിവസവും സ്ഥലവും സമയവും നിശ്ചയിച്ച് കമ്മീഷനെ അറിയിക്കേണ്ടതാണ്. ഗ്രാമ, ബ്ളോക്ക്, ജില്ലാ പഞ്ചായത്തുകളിലെ വാർഡ് സംവരണത്തിനുള്ള നറുക്കെടുപ്പ് നടത്തുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായ ജില്ലാ കളക്ടറാണ്. മുനിസിപ്പാലിറ്റികളിൽ തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറും, കോർപ്പറേഷനുകളിൽ തദ്ദേശസ്വയംഭരണവകുപ്പ് അർബൻ ഡയറക്ടറുമാണ് വാർഡ് സംവരണം നിശ്ചയിക്കുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥർ.

## സംവരണവാർഡ് നറുക്കെടുപ്പ് : തദ്ദേശസ്ഥാപന സെക്രട്ടറിമാർക്ക് പരിശീലനം

തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പിൽ സംവരണവാർഡുകൾ നിശ്ചയിക്കുന്നതിനുള്ള നറുക്കെടുപ്പ് പ്രക്രിയകൾ സംബന്ധിച്ച് എല്ലാ തദ്ദേശസ്ഥാപനസെക്രട്ടറിമാർക്കുമായി ഓൺലൈൻ പരിശീലനം നടത്തുന്നു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെപ്റ്റംബർ 26 നാണ് പരിശീലനം നടത്തുന്നത്. രാവിലെ 10.30 മുതൽ 11.30 വരെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെയും, ഉച്ചയ്ക്ക് 12 മുതൽ 1 മണി വരെ കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിലെയും, ഉച്ചയ്ക്ക് ശേഷം 2 മുതൽ 3 വരെ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെയും ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി സെക്രട്ടറിമാർ പരിശീലനത്തിൽ പങ്കെടുക്കണം. എല്ലാ ജില്ലകളിലെയും ബ്ളോക്ക്, ജില്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും വൈകുന്നേരം 3.30 മുതൽ 4.30 വരെയാണ് പരിശീലനം.

## ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ യോഗം

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ഓൺലൈനായി വിളിച്ചുചേർക്കും. സെപ്റ്റംബർ 23 ന് രാവിലെ 10 മുതൽ 11 വരെയാണ് യോഗം.

# പോളിങ് സാമഗ്രികളുടെ ശേഖരണ - വിതരണ കേന്ദ്രങ്ങൾ കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കണം



പൊതുതിരഞ്ഞെടുപ്പിൽ പോളിംഗ് സ്റ്റേഷനുകളിലേക്കുള്ള സാധന സാമഗ്രികളുടെ വിതരണത്തിനും, വോട്ടെടുപ്പിന് ശേഷമുള്ള അവയുടെ ശേഖരണത്തിനും ആവശ്യമായ വിതരണ-സ്വീകരണ കേന്ദ്രങ്ങൾ കണ്ടെത്തി ലിസ്റ്റ് സഹിതം റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരായ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകി.

വിതരണ-സ്വീകരണ കേന്ദ്രങ്ങൾ കണ്ടെത്തി ബ്ളോക്ക് തലത്തിൽ സെക്രട്ടറിയും, മുനിസിപ്പാലിറ്റി / കോർപ്പറേഷൻ തലത്തിൽ അതിനു ചുമതലപ്പെട്ട സെക്രട്ടറിമാരും പ്രധാന രാഷ്ട്രീയകക്ഷികളുടെ യോഗം വിളിച്ചുചേർത്ത് പ്രപോസൽ അവതരിപ്പിക്കണം. യോഗത്തിന്റെ മിനിട്ട്സ് സഹിതം കേന്ദ്രങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സെപ്റ്റംബർ 24 നകം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് സമർപ്പിക്കണം. ജില്ലാതലത്തിൽ പരിശോധിച്ച് ക്രോഡീകരിച്ച ലിസ്റ്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് സെപ്റ്റംബർ 26 നകം സമർപ്പിക്കണം.

വിതരണ-സ്വീകരണ കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും, ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളുണ്ടെന്ന് ഉറപ്പാക്കേണ്ടതിനുമുള്ള ചുമതല ബ്ളോക്ക് തലത്തിൽ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി, മുനിസിപ്പാലിറ്റി തലത്തിൽ മുനിസിപ്പൽ സെക്രട്ടറി, കോർപ്പറേഷൻ തലത്തിൽ ബന്ധപ്പെട്ട അഡീഷണൽ സെക്രട്ടറി എന്നിവർക്കാണ്. ജില്ലകളിലെ വിതരണ-സ്വീകരണ കേന്ദ്രങ്ങൾ കേന്ദ്രീകൃതമായി ബ്ളോക്ക് പഞ്ചായത്ത് തലത്തിലും , മുനിസിപ്പാലിറ്റി തലത്തിലുമാണ് സജ്ജമാക്കേണ്ടത്. ഇതേ കേന്ദ്രത്തിൽ തന്നെയാണ് അവിടത്തെ വോട്ടെണ്ണൽ കേന്ദ്രങ്ങളും സജ്ജമാക്കേണ്ടത്. ത്രിതല പഞ്ചായത്തുകൾക്കായി ബ്ളോക്ക് പഞ്ചായത്ത് തലത്തിലും മുനിസിപ്പൽ കൗൺസിൽ, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയ്ക്കായി അതാതു മുനിസിപ്പാലിറ്റി തലത്തിലും ഓരോ വിതരണ-സ്വീകരണകേന്ദ്രം വീതം സ്ഥാപിക്കണം. ബ്ളോക്ക് പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുന്ന വിതരണ-സ്വീകരണ കേന്ദ്രങ്ങളിൽ , ആ ബ്ളോക്ക് പഞ്ചായത്തിനു കീഴിൽ വരുന്ന ഓരോ ഗ്രാമപഞ്ചായത്തുകൾക്കും (അതത് വരണാധികാരികൾക്കു കീഴിൽ) വേവ്വേറെ വിതരണ-സ്വീകരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിട സ്ഥലസൗകര്യം അവിടെ ഉണ്ടായിരിക്കണം. മുനിസിപ്പൽ കൗൺസിൽ, മുനിസിപ്പൽ കോർപ്പറേഷൻ തലത്തിൽ സ്ഥാപിക്കുന്നവയിൽ അവയുടെ ഓരോ വരണാധികാരിക്കും (ഒന്നിലധികം വരണാധികാരികളുള്ളിടത്ത്) വെവ്വേറെ വിതരണ-സ്വീകരണ കേന്ദ്രങ്ങൾക്ക് ആവശ്യമായ കെട്ടിട സ്ഥലസൗകര്യമുണ്ടാകണം. അപ്രകാരം വെവ്വേറെ സ്ഥാപിക്കുന്ന ഓരോ വിതരണ-സ്വീകരണ കേന്ദ്രങ്ങളിലും തിരഞ്ഞെടുപ്പ് സാമഗ്രികളുടെ വിതരണത്തിനും സ്വീകരണത്തിനും ആവശ്യമായ, കുറഞ്ഞത് 10 കൗണ്ടറുകൾ, സ്ട്രോംഗ് റൂം, കാൻഡിഡേറ്റ് സെറ്റിംഗ് കേന്ദ്രം, കൗണ്ടിംഗ് സെന്റർ, ഫലപ്രഖ്യാപനത്തിനുള്ള ഡാറ്റ എൻട്രി നടത്തുന്നതിനുള്ള കേന്ദ്രം, വരണാധികാരികളുടെ ഡെസ്ക് തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കണം. ആവശ്യത്തിന് വിസ്തൃതിയുള്ളതും ചോർച്ചയില്ലാത്തതും ദൃഢതയുള്ളതുമായ സ്ഥലം വേണം സ്ട്രോംഗ് റൂമുകൾക്കായി കണ്ടെത്തേണ്ടത്. വിതരണ-സ്വീകരണകേന്ദ്രങ്ങളായി കണ്ടെത്തുന്ന കെട്ടിട സമുച്ചയത്തിന് കഴിവതും വിശാലമായ തുറന്നസ്ഥലവും , പാർക്കിംഗിനുള്ള സ്ഥലവും, അവിടേയ്ക്കുള്ള പാതയിൽ ഒരേ സമയം ഇരുവശത്തേക്കും വലിയ വാഹനങ്ങൾക്ക് കടന്നു വരാനുള്ള ഗതാഗത സൗകര്യവും ഉറപ്പാക്കണം. അതോടൊപ്പം പോളിങ് സ്റ്റേഷനിലെ തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് വേണ്ടി അവിടെ എത്തിച്ചേരേണ്ട ജീവനക്കാർക്കുള്ള ഗതാഗതസൗകര്യവും കൂടി പരിഗണിക്കണം. ആവശ്യമായ സൗകര്യങ്ങളുണ്ടെങ്കിൽ, കഴിഞ്ഞ കാലങ്ങളിലെ കേന്ദ്രങ്ങൾ നിലനിർത്താവുന്നതും, മാനദണ്ഡങ്ങൾ പാലിക്കാത്തവയെ ഒഴിവാക്കി പുതിയവ കണ്ടെത്താവുന്നതുമാണ്.

ബ്ളോക്ക്പഞ്ചായത്ത് വരണാധികാരിയുടെ നേതൃത്വത്തിൽ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്തിന്റെ വരണാധികാരികൾ, പഞ്ചായത്ത് സെക്രട്ടറിമാർ, ജില്ലാപഞ്ചായത്തിന്റെ ഉപ വരണാധികാരി (എഡിഎം)/ പ്രതിനിധി എന്നിവർ ഒരുമിച്ചാണ് ബ്ളോക്ക്പഞ്ചായത്ത് തലത്തിൽ കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനുള്ള സ്ഥലപരിശോധന നടത്തേണ്ടത്. മുനിസിപ്പാലിറ്റിയിൽ വരണാധികാരികളും, മുനിസിപ്പൽ സെക്രട്ടറിയും ഒരുമിച്ചും, കോർപ്പറേഷനിൽ വരണാധികാരികളും അഡീഷണൽ സെക്രട്ടറിയും ഒരുമിച്ചാണ് സ്ഥലപരിശോധന നടത്തേണ്ടത്.

# തദ്ദേശതിരഞ്ഞെടുപ്പ് പൂർണമായും ഹരിതചട്ടം പാലിച്ച്



പൊതുതിരഞ്ഞെടുപ്പിൽ ഹരിതചട്ടം പാലിക്കുന്നതിനുള്ള കർമ്മപരിപാടി ചർച്ച ചെയ്യുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗം

വരുന്ന തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പ് സമ്പൂർണമായും ഹരിതചട്ടം പാലിച്ചും, പരിസ്ഥിതിസൗഹൃദമായും നടത്തുന്നതിന് സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ച ചേർത്ത തദ്ദേശസ്വയംഭരണവകുപ്പിലെ വിവിധ ഏജൻസികളുടെ യോഗം തീരുമാനിച്ചു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഇതു സംബന്ധിച്ച കർമ്മപരിപാടിക്ക് രൂപം നൽകി. പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട നിർദ്ദേശമുണ്ടെങ്കിൽ, അവ നൽകുന്നതിന് ഒക്ടോബർ 10 വരെ അവസരമുണ്ടാകും.

തദ്ദേശസ്വയംഭരണവകുപ്പ്, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, കുടുംബശ്രീ, ഹരിതകർമസേന എന്നിവയുടെ പങ്കാളിത്തത്തോടെ തിരഞ്ഞെടുപ്പ് പ്രഖ്യാപനം മുതൽ ഫലപ്രഖ്യാപനം വരെയുള്ള പ്രവർത്തനങ്ങളിൽ ഹരിതചട്ടം പാലിക്കുന്നുവെന്നുറപ്പ് വരുത്തും. ഇതിനായി തിരഞ്ഞെടുപ്പ് കമ്മീഷന്റെ നേതൃത്വത്തിൽ സംസ്ഥാനതലത്തിലും, ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ തലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിക്കാനും യോഗം തീരുമാനിച്ചു.

തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ പരിശീലന കേന്ദ്രങ്ങൾ, ഓഫീസുകൾ, തിരഞ്ഞെടുപ്പ് വിതരണ കേന്ദ്രങ്ങൾ, പോളിംഗ് സ്റ്റേഷനുകൾ, വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവടങ്ങളിലെല്ലാം ഹരിതചട്ടം കർശനമായി പാലിക്കണം. ഇവിടങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ ഉടൻതന്നെ നീക്കം ചെയ്യാനായി ഹരിതകർമസേനയുടെയും ക്ലീൻകേരള കമ്പനിയുടെയും സേവനം പ്രയോജനപ്പെടുത്തും. പരിസ്ഥിതി സൗഹൃദമായ രീതിയിൽ ഭക്ഷണ വിതരണം നടത്താനായി കുടുംബശ്രീയെ ചുമതലപ്പെടുത്തും.

സ്ഥാനാർത്ഥികൾ, രാഷ്ട്രീയ പാർട്ടികൾ, തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവർക്കെല്ലാം തിരഞ്ഞെടുപ്പിൽ ഹരിതചട്ടം പാലിക്കുന്നതിന് ഒരുപോലെ ഉത്തരവാദിത്വമുണ്ട്. ഇതിനായി പ്രത്യേക നിർദ്ദേശങ്ങൾ നൽകും. പ്രചാരണത്തിനായി ഉപയോഗിക്കുന്ന അച്ചടി സാമഗ്രികളിൽ നിരോധിത വസ്തുക്കൾ ഉപയോഗിച്ചിട്ടില്ലെന്ന് രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും ഉറപ്പാക്കണം. നിരോധിത വസ്തുക്കൾ ഉപയോഗിച്ചതായി കണ്ടെത്തിയാൽ പിഴ ഈടാക്കും. തിരഞ്ഞെടുപ്പ് പ്രചാരണവേളയിലെ പരിസ്ഥിതി മലിനീകരണം, ശബ്ദമലിനീകരണം എന്നിവ തടയുന്നതിനുള്ള നിർദ്ദേശങ്ങൾ പൊതുജനങ്ങൾക്ക് ഒക്ടോബർ 10 ന് മുമ്പ് cru.sec@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലും, സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷൻ, ജനഹിതം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം എന്ന വിലാസത്തിലും സമർപ്പിക്കാം.

തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി.അനുപമ, പ്രിൻസിപ്പൽ ഡയറക്ടർ ജെറോമിക് ജോർജ്ജ്, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച്.ദിനേശൻ, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു.വി.ജോസ്, തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ബി.എസ്.പ്രകാശ്, തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ സെക്രട്ടറി പ്രീത.കെ.എസ്, അണ്ടർ സെക്രട്ടറി മധുസൂദനൻ.വി, ശുചിത്വമിഷൻ കാമ്പെയിൻ കൺസൾട്ടന്റ് എൻ. ജഗജീവൻ, കാമ്പെയിൻ കോ-ഓർഡിനേറ്റർ പി.കെ. രവികൃഷ്ണൻ, കപ്പാസിറ്റി ബിൽഡിംഗ് എക്സ്പെർട്ട് അമീർഷാ. എസ്, ക്ലീൻ കേരള കമ്പനി പ്രതിനിധി എം.ഐ.പ്യാരേലാൽ, തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## തദ്ദേശതിരഞ്ഞെടുപ്പ് :
# ടെക്നിക്കൽ ഉദ്യോഗസ്ഥരുടെ ജില്ലാതല പാനൽ

തദ്ദേശ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഐടി അധിഷ്ഠിത പ്രവൃത്തികൾക്കായി ജില്ലാതലത്തിൽ ടെക്നിക്കൽ ഉദ്യോഗസ്ഥരുടെ പാനൽ രൂപീകരിച്ചു. ഓരോ ജില്ലയിലും ടെക്നിക്കൽ ഓഫീസർ / അസിസ്റ്റന്റ് ഉൾപ്പെടെ രണ്ട് വീതം ഉദ്യോഗസ്ഥരെയാണ് ഇതിനായി നിയോഗിക്കുന്നത്. പാനലിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർക്കായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ സെപ്റ്റംബർ 24ന് പരിശീലനം നടക്കും. പരിശീലനത്തിനായി പാനലിൽ ഉള്ളവർ അന്നേദിവസം രാവിലെ 9ന് റിപ്പോർട്ട് ചെയ്യണമെന്ന് കമ്മീഷൻ സെക്രട്ടറി അറിയിച്ചു.

# തദ്ദേശതിരഞ്ഞെടുപ്പ് കൂടുതൽ ഭിന്നശേഷി സൗഹൃദമാക്കും

## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ




'Ensuring Inclusive Electoral Participation for All' എന്ന വിഷയത്തിൽ ചീഫ് ഇലക്ടറൽ ഓഫിസർ സംഘടിപ്പിച്ച ശിൽപശാലയിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ ഐഎഎസ് സംസാരിക്കുന്നു.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്ക് 2025 അവസാനം നടക്കാനിരിക്കുന്ന പൊതുതിരഞ്ഞെടുപ്പ് കൂടുതൽ ഭിന്നശേഷി സൗഹൃദമാക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ. ജനാധിപത്യ പ്രക്രിയയിൽ ഭിന്നശേഷിക്കാരുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ സംഘടിപ്പിച്ച ശിൽപശാലയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ശാരീരികവും മാനസികവുമായി വിവിധ തരത്തിലുള്ള പരിമിതികൾ അഭിമുഖീകരിക്കുന്ന വലിയൊരു വിഭാഗം രാജ്യത്തുണ്ട്. വോട്ടവകാശമുള്ള മുഴുവൻ ഭിന്നശേഷിക്കാർക്കും വോട്ട് രേഖപ്പെടുത്തി ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളാകാനുള്ള സാഹചര്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ തിരഞ്ഞെടുപ്പ് കമ്മീഷനുകൾ നടപടികൾ സ്വീകരിക്കുന്നുണ്ട്. എന്നാലും ഈ ലക്ഷ്യം പൂർണമായും കൈവരിക്കാനായിട്ടില്ല എന്ന് പറയേണ്ടിവരും. മുഴുവൻ ഭിന്നശേഷിക്കാരും തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കാളികളാകുക എന്നത് വളരെ അത്യാവശ്യമാണ്. ശിൽപശാലയിലെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് തിരഞ്ഞെടുപ്പ് കൂടുതൽ ഭിന്നശേഷി സൗഹൃദമാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

വരുന്ന ആറോ എട്ടോ മാസങ്ങൾക്കുള്ളിൽ രണ്ട് പൊതു തിരഞ്ഞെടുപ്പുകളെ അഭിമുഖീകരിക്കാനൊരുങ്ങുകയാണ് കേരളത്തിലെ വോട്ടർമാർ. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ദേശീയ തലത്തിൽവോട്ടർ പട്ടിക പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അടുത്തിടെ പൂർത്തിയാക്കിയ വോട്ടർപട്ടിക പുതുക്കലിനു ശേഷം 2.83 കോടി വോട്ടർമാർ പട്ടികയിൽ ഇടംനേടിയിട്ടുണ്ട്. അർഹതയുള്ള പരമാവധി വോട്ടർമാരെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ എല്ലാ പ്രചാരണങ്ങളും നടത്തി എല്ലാ സൗകര്യങ്ങളും സാഹചര്യങ്ങളും ഉറപ്പാക്കിയാണ് വോട്ടർപട്ടിക പുതുക്കൽ പൂർത്തിയാക്കിയത്. പട്ടികയിൽ പേര് ചേർക്കാൻ സാധിക്കാതെ പോയവർക്ക് തിരഞ്ഞെടുപ്പിനു മുൻപ് വീണ്ടും ഒരവസരമുണ്ടാകും എന്ന പ്രതീക്ഷിക്കാമെന്നും അദ്ദേഹം പറഞ്ഞു.

ജനാധിപത്യവ്യവസ്ഥയിൽ പൗരന്റെ ഏറ്റവും ശക്തമായ ആയുധമാണ് വോട്ടവകാശം. സാർവ്വത്രിക വോട്ടവകാശം ഭരണഘടനയിലൂടെ ഉറപ്പുവരുത്താനും രാജ്യത്തെ ആദ്യ തിരഞ്ഞെടുപ്പിൽത്തന്നെ അത് നടപ്പാക്കാനും സാധിച്ചിട്ടുള്ള രാജ്യമാണ് ഇന്ത്യ. 18 വയസ് പൂർത്തിയായവർ യാതൊരു വിവേചനവുമില്ലാതെ ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളാകുന്ന ശക്തമായ ആശയമാണ് ഭരണഘടനാ നിർമ്മാതാക്കൾ മുന്നോട്ടുവെച്ചത്. ഇതിന്റെ അടിസ്ഥാനത്തിലാണ് 1949ൽ തിരഞ്ഞെടുപ്പ് കമ്മീഷൻ നിലവിൽവന്നത്. ഇന്ന് വോട്ടർ രജിസ്ട്രേഷനും തിരഞ്ഞെടുപ്പ് നടത്തിപ്പിനുമെല്ലാം സാങ്കേതിക വിദ്യകളുടെ സഹായത്തോടെയുള്ള വിപുലമായ സംവിധാനങ്ങളുണ്ട്. ഇതൊന്നുമില്ലാതിരുന്ന കാലഘട്ടത്തിൽ, പരിമിതികളെയെല്ലാം അതിജീവിച്ച് ലോക്സഭയിലേക്ക് തിരഞ്ഞെടുപ്പ് നടത്താനും കേന്ദ്ര സർക്കാറിനെ തിരഞ്ഞെടുക്കാനും നമുക്ക് സാധിച്ചിട്ടുണ്ട്. വ്യത്യസ്ഥ സംസ്കാരങ്ങളും, ഭാഷയും, ജീവിത രീതികളും കാലാവസ്ഥയുമെല്ലാമുള്ള ഇന്ത്യപോലൊരു രാജ്യത്തെ തിരഞ്ഞെടുപ്പ് പ്രക്രിയ വളരെ സങ്കീർണമാണ്. ഈ സങ്കീർണത കുറച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങളാണ് തിരഞ്ഞെടുപ്പ് കമ്മീഷനുകൾ നടത്തിവരുന്നതെന്നും അദ്ദേഹം പറഞ്ഞു.

# പത്രവാർത്തകളിലൂടെ

## സെൻസസിന് മുൻപ് പരീക്ഷണഘട്ടം ഒക്ടോബർ-നവംബറിൽ

സെൻസസിനായുള്ള പരീക്ഷണ ഘട്ടം ഒക്ടോബർ–നവംബർ മാസങ്ങളിൽ നടത്തും. ആദ്യഘട്ടത്തിലെ ചോദ്യങ്ങൾ ഇതിൽ ഉൾപ്പെടുത്തും. ഡേറ്റ ശേഖരണം, ലോജിസ്റ്റിക്സ്, മൊബൈൽ ആപ്പ്, മറ്റ് ഡിജിറ്റൽ ഉപകരണങ്ങൾ എന്നിവ വിലയിരുത്താനും അഭിമുഖീകരിക്കാൻ സാധ്യതയുള്ള പ്രശ്നങ്ങൾ തിരിച്ചറിയാനുമാണിതെന്ന് രജിസ്ട്രാർ ജനറലും സെൻസസ് കമ്മീഷണറും സംസ്ഥാന സെൻസസ് ഓപ്പറേഷൻസ് ഡയറക്ടറേറ്റുകളെ അറിയിച്ചു.

മാതൃഭൂമി, ഓഗസ്റ്റ് 30

## തദ്ദേശ തെരഞ്ഞെടുപ്പ്: വരണാധികാരികളെ നിശ്ചയിച്ചു

തദ്ദേശ തെരഞ്ഞെടുപ്പിന് മുന്നോടിയായി ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുമായി വരണാധികാരികളായ ഉദ്യോഗസ്ഥരെ മുൻകൂട്ടി നിശ്ചയിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയ്ക്ക് ഒന്ന് വീതവും, 87 നഗരസഭകളിൽ, കൂടുതൽ വാർഡുകൾ ഉള്ളവയ്ക്ക് രണ്ട് വീതവും, മറ്റുള്ളവക്ക് ഒന്ന് വീതവും വരണാധികാരികളാണുള്ളത്. കോർപ്പറേഷനുകളിൽ തിരുവനന്തപുരത്തിന് വരണാധികാരികൾ നാലു പേരാണ്. തദ്ദേശതെരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർപട്ടിക സെപ്റ്റംബർ രണ്ടിന് പുറത്തിറക്കുമെന്നാണ് കമ്മീഷൻ അറിയിച്ചിട്ടുള്ളത്.

മലയാള മനോരമ, ഓഗസ്റ്റ് 29

## അന്തിമ വോട്ടർ പട്ടിക സെപ്റ്റംബർ രണ്ടിന്

തദ്ദേശസ്ഥാപന തിരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർപട്ടിക സെപ്റ്റംബർ രണ്ടിന് പ്രസിദ്ധീകരിക്കും. 30–ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുമെന്നാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നേരത്തെ അറിയിച്ചിരുന്നത്. 29നകം ഹിയറിങ് ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കണമെന്ന് കമ്മീഷൻ നിർദ്ദേശം നൽകി. വോട്ടർപട്ടിക പുതുക്കലിന് അപേക്ഷിക്കാനുള്ള സമയം 12 നാണ് അവസാനിച്ചത്. 29,81,310 അപേക്ഷകളാണ് പേര് ചേർക്കാനായി ലഭിച്ചത്. ഇവരുടെ ഹിയറിങ് ഉൾപ്പെടെ പൂർത്തിയാക്കി വേണം അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കാൻ. തിരുത്തലിന് 13,859 അപേക്ഷയും വാർഡ് മാറ്റാൻ 1,80,793 അപേക്ഷയും ലഭിച്ചു.

ദേശാഭിമാനി, ഓഗസ്റ്റ് 28

## വോട്ടിംഗ് യന്ത്രങ്ങൾ സജ്ജം

തദ്ദേശ തെരഞ്ഞെടുപ്പിനുള്ള ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ സജ്ജമായി. യന്ത്രങ്ങളുടെ ആദ്യഘട്ട പരിശോധന 21 കേന്ദ്രങ്ങളിൽ പൂർത്തിയായി. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഉടമസ്ഥതയിലുള്ള 137922 ബാലറ്റ് യൂണിറ്റുകളും, 50693 കൺട്രോൾ യൂണിറ്റുകളുമാണ് നിർമ്മാതാക്കളായ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിലെ 29 എൻജിനീയർമാരുടെ നേതൃത്വത്തിൽ പരിശീലനം ലഭിച്ച ആയിരത്തോളം ഉദ്യോഗസ്ഥരാണ് വോട്ടിംഗ് കേന്ദ്രങ്ങളുടെ പ്രവർത്തനക്ഷമത പരിശോധിച്ചത്. ജൂലൈ 25–ന് ആരംഭിച്ച പരിശോധന ഒരുമാസം കൊണ്ടാണ് പൂർത്തിയാക്കിയത്.

മാധ്യമം ഓഗസ്റ്റ് 27

## ഭൂപതിവ് ചട്ട ഭേദഗതി; രാഷ്ട്രീയ പാർട്ടികളുടെ കെട്ടിടത്തിന് 1 % ഫീസ്

പട്ടയം ലഭിച്ച ഭൂമിയിലെ വക മാറ്റിയുള്ള വിനിയോഗം മാത്രമാണ് പുതിയ ചട്ടഭേദഗതി പ്രകാരം ക്രമപ്പെടുത്താനാകുക. ബാക്കിയുള്ള ഭൂമി നേരത്തെയുള്ള പാട്ട വ്യവസ്ഥയ്ക്ക് വിധേയമായിരിക്കും. ചട്ടം ലംഘിച്ചു കൈമാറിയ പട്ടയ ഭൂമിയും ന്യായവിലയിലൂടെ നിശ്ചിത ശതമാനം ഫീസ് ഈടാക്കി ക്രമപ്പെടുത്തി നൽകും. ഇത്തരം ഭൂമി മുൻകൂർ അനുമതിയോടെ വക മാറ്റി ഉപയോഗിക്കുന്നതിനും അനുമതി നൽകും. സാംസ്കാരിക, വിനോദ, ജീവകാരുണ്യ, സാമൂഹിക പ്രവർത്തനങ്ങൾക്കായി രജിസ്റ്റർ ചെയ്ത സൊസൈറ്റി, സംഘടന, രാഷ്ട്രീയ പാർട്ടികൾ എന്നിവ ഉപയോഗിക്കുന്ന സ്ഥലത്ത് നിർമ്മിച്ച കെട്ടിടം, സഹകരണ സംഘങ്ങളുടെ കെട്ടിടം എന്നിവയെല്ലാം ക്രമവൽക്കരിക്കുന്നതിന് ന്യായവിലയുടെ ഒരു ശതമാനം ഫീസ് ഈടാക്കും.

മാതൃഭൂമി, ഓഗസ്റ്റ് 28

## വോട്ടർപട്ടിക ഹിയറിങ് : 29 വരെ വീണ്ടും അവസരം

തെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയിൽ പേര് ചേർക്കാനും തിരുത്തലുകൾ വരുത്താനും മാറിപ്പോയത് കൃത്യമാക്കാനും അപേക്ഷ നൽകിയവർ ഹിയറിങ്ങിന് ഹാജരായില്ലെങ്കിൽ 29വരെ അവസരം ലഭിക്കും. അപേക്ഷ നൽകിയപ്പോൾ ലഭിച്ച ഹീയറിംഗ് നോട്ടീസിലെ തീയതിയിൽ ഹാജരാകാൻ കഴിയാത്തവർക്ക് 29വരെ അതത് തദ്ദേശസ്ഥാപനങ്ങളിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ മുൻപാകെ ഹിയറിങ്ങിന് ഹാജരാകാമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

മലയാള മനോരമ, ഓഗസ്റ്റ് 27

# പത്രവാർത്തകളിലൂടെ

## രേഖയില്ലാത്ത കെട്ടിടങ്ങൾക്ക് പിടിവീഴും

**പഞ്ചായത്ത് പരിധിയിൽ വിവിധ കാരണങ്ങളാൽ ഔദ്യോഗിക രേഖകളിൽ ഉൾപ്പെടുത്താനും നികുതി പരിധിയിൽ വരാത്തതുമായ കെട്ടിടങ്ങൾ കണ്ടെത്താൻ സംവിധാനവുമായി തദ്ദേശഭരണ വകുപ്പ്. ഇത്തരം കെട്ടിടങ്ങൾ കണ്ടെത്തി തദ്ദേശസ്ഥാപനങ്ങളുടെ ഡാറ്റ ബാങ്കിൽ ഉൾപ്പെടുത്തും. ഇതിനായി കെ–സ്മാർട്ടിൽ പ്രോപ്പർട്ടി ടാക്സ് മോഡ്യൂളിൽ 'കറക്ഷൻ' എന്ന സംവിധാനം ഉൾപ്പെടുത്തും. പഞ്ചായത്ത് സെക്രട്ടറിമാർക്കാണ് കെട്ടിടം കണ്ടെത്താനുള്ള ചുമതല. മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും കെ–സ്മാർട്ട് വഴി ഇത്തരം 1.43 ലക്ഷം കെട്ടിടങ്ങൾ കണ്ടെത്തിയിരുന്നു. കെ–സ്മാർട്ട് വന്നതോടെ കെട്ടിടങ്ങളുടെ ഡാറ്റ കൃത്യമാക്കിയതു വഴി നഗരസഭകൾക്ക് കെട്ടിട നികുതി ഇനത്തിൽ അധികമായി ലഭിച്ചത് 393.92 കോടി രൂപയാണ്. വിട്ടുപോയ കെട്ടിടങ്ങൾ കൂടി കണ്ടെത്തുന്നതോടെ പഞ്ചായത്തുകളുടെ നികുതി വരുമാനം വർദ്ധിക്കും. കെ–സ്മാർട്ട് കെട്ടിട നമ്പർ അനുവദിക്കുന്നത് ഓൺലൈനായാണ്. നമ്പർ ലഭിക്കുമ്പോൾ തന്നെ കെട്ടിട വിവരങ്ങൾ ബിൽഡിംഗ് ഡേറ്റ ബേസിൽ ചേർക്കുന്നതിനാൽ പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ രേഖയിൽ ഉൾപ്പെടുത്താത്ത സാഹചര്യം ഉണ്ടാകില്ല.**

ദേശാഭിമാനി, ഓഗസ്റ്റ് 25

## ബീഹാർ വോട്ടർ പട്ടിക: ആധാറും ആകാമെന്ന് കോടതി

**ബീഹാറിലെ സമഗ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായുള്ള കരട് വോട്ടർ പട്ടിക പ്രകാരം ഒഴിവാക്കപ്പെട്ടവർക്ക് പട്ടികയിൽ പേര് ഉൾപ്പെടുത്താൻ അപേക്ഷ നൽകാമെന്ന് സുപ്രീം കോടതി വ്യക്തമാക്കി. തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ച 11 രേഖകളിലൊന്നോ ആധാറോ നൽകാമെന്നാണ് കോടതി വ്യക്തമാക്കിയത്. കരട് പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവർക്ക് ഓൺലൈനായി അപേക്ഷ നൽകാമെന്നും കോടതി പറഞ്ഞു.**

മലയാള മനോരമ, ഓഗസ്റ്റ് 23

## വോട്ടർപട്ടിക : ഹിയറിങ് 29 വരെ

**തദ്ദേശസ്ഥാപനങ്ങളുടെ വോട്ടർ പട്ടിക പുതുക്കലിന്റെ ഭാഗമായി വോട്ട് ചേർത്തവർക്ക് നേരിട്ടുള്ള ഹയറിങ്ങിന് പങ്കെടുക്കാൻ 29 വരെ സമയം നൽകി തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിറക്കി. ഇതിനിടയിൽ ഹിയറിങ്ങിന് പങ്കെടുക്കാൻ തീയതി ലഭിച്ച പലരും ആ ദിവസം എത്താൻ കഴിയാത്ത സാഹചര്യം തദ്ദേശസ്ഥാപനങ്ങളിൽ അറിയിച്ചതിനെ തുടർന്നാണ് 29 വരെ ഹിയറിങ്ങിന് അവസരം നൽകിയത്. 30–ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും.**

മലയാള മനോരമ ഓഗസ്റ്റ് 21

## ഉദ്യോഗസ്ഥരുടെ തീരുമാനങ്ങളിൽ മാനുഷിക സ്പർശം വേണം : ഹൈക്കോടതി

**ഉദ്യോഗസ്ഥർ എടുക്കുന്ന എല്ലാ തീരുമാനങ്ങളിലും മാനുഷിക സ്പർശം വേണമെന്നും അതു മറികടന്ന് പ്രവർത്തിച്ചാൽ തിരഞ്ഞെടുക്കപ്പെട്ട സർക്കാരുകളെയാണ് ബാധിക്കുക എന്നും ജസ്റ്റിസ് പി. വി. കുഞ്ഞികൃഷ്ണൻ പറഞ്ഞു. തഹസിൽദാർമാരുടെ ഓഫീസിൽ ബഹളം വെച്ചുവെന്നും ഫയൽ പിടിച്ചു വാങ്ങി കൃത്യം നിർവഹണം തടസ്സപ്പെടുത്തിയെന്നും ആരോപിച്ചുള്ള കേസിലെ പുനപരിശോധന ഹർജിയിൽ കൊല്ലം പട്ടത്താനം സ്വദേശി മണിലാലിനെ കുറ്റവിമുക്തമാക്കിയാണ് കോടതിയുടെ നിരൂപണം. ബ്യൂറോക്രസി ജനാധിപത്യത്തിന്റെ സേവകരാണ്. അല്ലാതെ യജമാനൻമാരല്ല. ഉദ്യോഗസ്ഥർ അനുഭാവപൂർവ്വം പെരുമാറിയിരുന്നെങ്കിൽ ഈ സംഭവം തന്നെ ഒഴിവാക്കാമായിരുന്നു. മനുഷ്യത്വപരമായി ഉദ്യോസ്ഥർ എങ്ങനെ പ്രവർത്തിക്കുന്നുവെന്നതും ജനാധിപത്യത്തിന്റെ അളവുകോൽ ആണെന്ന് കോടതി പറഞ്ഞു.**

ദേശാഭിമാനി ഓഗസ്റ്റ് 22

## കോടതി ഭാഷ മലയാളമാക്കൽ : 14 അംഗ സമിതി

**കോടതി ഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി വിവർത്തനത്തിനുള്ള പദങ്ങളും പ്രയോഗങ്ങളും കണ്ടെത്താൻ വിദഗ്ധരെ ഉൾപ്പെടുത്തി നിയമസഭാ സെക്രട്ടറി അധ്യക്ഷനായി 14 അംഗ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചു. കോടതി ഭാഷ മലയാളമാക്കുന്ന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന, മുഖ്യമന്ത്രി അധ്യക്ഷനായ ഉന്നതതല സമിതിയുടെ തീരുമാന പ്രകാരമാണ് കമ്മിറ്റി രൂപീകരണം.**

മലയാള മനോരമ, ഓഗസ്റ്റ് 19

**Chief Editor:** B.S. Prakash
**Editor:** K.M. Ayyappan

**Editorial Team:**
Sureshkumar.A
James.P.J

**Photography:**
I&PRD
Aravind.M.A

**Layout:**
Bridgingdots
Media Solutions

* ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേത് മാത്രമാണ്

# പത്രവാർത്തകളിലൂടെ

## സ്വത്ത് വെളിപ്പെടുത്താത്തതിന്റെ പേരിൽ തിരഞ്ഞെടുപ്പ് അസാധുവാകില്ല : സുപ്രീംകോടതി

സ്വത്ത് വിവരങ്ങൾ വെളിപ്പെടുത്താത്തതു കൊണ്ട് മാത്രം തിരഞ്ഞെടുപ്പ് അസാധുവാകില്ലെന്ന് സുപ്രീം കോടതി. ജനപ്രാതിനിധ്യ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഈ പിഴവുകൊണ്ട് മാത്രം അഴിമതിയായി കണക്കാക്കാൻ സാധിക്കില്ലെന്നും അതിനാൽ തിരഞ്ഞെടുപ്പ് അസാധുവാക്കാൻ സാധിക്കില്ലെന്നും ജസ്റ്റിസ് സൂര്യകാന്ത്, എൻ. കോടീശ്വർ സിംഗ് എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി. 2023-ലെ തെലുങ്കാന നിയമസഭാ തിരഞ്ഞെടുപ്പിൽ ആസിഫബാദ് മണ്ഡലത്തിൽ നിന്നും ബിആർഎസിന്റെ കോവലക്ഷ്മി വിജയിച്ചത് ചോദ്യം ചെയ്തുള്ള ഹർജിയിലാണ് കോടതിയുടെ വിലയിരുത്തൽ. തെരഞ്ഞെടുപ്പ് നടപടികളിൽ ഇടപെടാൻ വിസമ്മതിച്ച കോടതി ഇതുമായി ബന്ധപ്പെട്ട ഹർജി തള്ളി.

മലയാള മനോരമ, ഓഗസ്റ്റ് 19

## തദ്ദേശ വോട്ടർ പട്ടിക : **പേര് ചേർക്കാൻ 29.81 അപേക്ഷകർ, സമയപരിധി അവസാനിച്ചു, മൊത്തം 35.98 ലക്ഷം അപേക്ഷകൾ**

തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയിൽ പേര് ചേർക്കാനുള്ള സമയപരിധി അവസാനിച്ചപ്പോൾ 29,81,310 പുതിയ അപേക്ഷകൾ ലഭിച്ചു. തിരുത്തൽ വരുത്താൻ 13,859 ഉം, സ്ഥാനമാറ്റത്തിന് 1,80,793യും ഒഴിവാക്കലുകൾക്ക് 3,806ഉം അപേക്ഷകളുണ്ട്. ആകെ 35,98,257 അപേക്ഷകൾ കിട്ടി. അപേക്ഷകളിൽ സൂക്ഷ്മ പരിശോധന നടത്തും. തിരഞ്ഞെടുപ്പിന് മുമ്പ് വോട്ടർപട്ടികയിൽ പേര് ചേർക്കാൻ ഒരവസരം കൂടി ലഭിക്കും. മലപ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ പുതിയ അപേക്ഷകളുള്ളത്. 4,14,953 പേർ. കുറവ് വയനാട്ടിലാണ്. 75,244 പേർ. സ്ഥാനമാറ്റത്തിനുള്ള അപേക്ഷകളിലും കൂടുതൽ പേർ മലപ്പുറത്താണ്. 29,233 പേർ. കുറവ് വയനാട്ടിൽ. 5,455. പുതിയ പ്രവാസി വോട്ടർമാരുടെ അപേക്ഷ 5,595 ആണ്. കൂടുതൽ പേർ കോഴിക്കോട് ജില്ലയിലാണ്-3,210. അന്തിമ വോട്ടർ പട്ടിക ഈ മാസം അവസാനം പ്രസിദ്ധീകരിക്കും. ഇരട്ടിപ്പ് ഉൾപ്പെടെ ഒഴിവാക്കിയതാകും അന്തിമപ്പട്ടിക.

മാധ്യമം, ഓഗസ്റ്റ് 13

### *Summary Revision 2025 Final Voters Count*

| District | Draft Roll | Addition | Deletion | Final Roll | | | | Pravasi |
|---|---|---|---|---|---|---|---|---|
| | | | | Male | Female | TG | Total | |
| THIRUVANANTHAPURAM | 2733680 | 287077 | 133493 | 1341958 | 1545277 | 29 | 2887264 | 29 |
| KOLLAM | 2125594 | 193362 | 75889 | 1038204 | 1204842 | 21 | 2243067 | 42 |
| ERNAKULAM | 2497393 | 289482 | 152740 | 1263674 | 1370426 | 35 | 2634135 | 71 |
| THRISSUR | 2592920 | 280436 | 136461 | 1277151 | 1459718 | 26 | 2736895 | 157 |
| KOZHIKODE | 2480032 | 331035 | 156095 | 1253480 | 1401460 | 32 | 2654972 | 902 |
| KANNUR | 1981739 | 233180 | 104962 | 973629 | 1136315 | 13 | 2109957 | 351 |
| PATHANAMTHITTA | 1020398 | 80418 | 49773 | 484850 | 566190 | 3 | 1051043 | 41 |
| ALAPPUZHA | 1695345 | 153035 | 69850 | 829942 | 948577 | 11 | 1778530 | 49 |
| KOTTAYAM | 1539188 | 142154 | 58073 | 776362 | 846896 | 11 | 1623269 | 37 |
| IDUKKI | 867019 | 102393 | 63845 | 440147 | 465410 | 10 | 905567 | 7 |
| PALAKKAD | 2248752 | 265903 | 110821 | 1137980 | 1265833 | 21 | 2403834 | 37 |
| MALAPPURAM | 3271302 | 450667 | 171811 | 1709923 | 1840188 | 47 | 3550158 | 297 |
| WAYANAD | 602917 | 74863 | 38336 | 309228 | 330211 | 5 | 639444 | 10 |
| KASARGOD | 1021977 | 134921 | 62575 | 516419 | 577892 | 12 | 1094323 | 57 |
| **Total** | **26678256** | **3018926** | **1384724** | **13352947** | **14959235** | **276** | **28312458** | **2087** |

## വോട്ടർപട്ടിക പുതുക്കൽ : അവധി ദിനങ്ങളിലും തദ്ദേശസ്ഥാപനങ്ങൾ പ്രവർത്തിക്കും

വോട്ടർപട്ടിക പുതുക്കലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഓഗസ്റ്റ് 30 വരെ എല്ലാ അവധി ദിവസങ്ങളിലും ഗ്രാമപഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ, മുൻസിപ്പൽ കോർപ്പറേഷൻ ഓഫീസുകൾ തുറന്നു പ്രവർത്തിക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശം നൽകി. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ലഭിച്ച അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കി വോട്ടർപട്ടിക പുതുക്കാനാണ് നടപടി.

മാതൃഭൂമി, ഓഗസ്റ്റ് 17

## വോട്ടർ പട്ടിക 30ന് : തിരഞ്ഞെടുപ്പിന്റെ ഒരുക്കത്തിലേക്ക് കേരളം

വോട്ടർപട്ടിക 30ന് പ്രസിദ്ധീകരിക്കുന്നതോടെ കേരളം തദ്ദേശ തെരഞ്ഞെടുപ്പിനുള്ള പൂർണ ഒരുക്കത്തിലേക്ക് കടക്കും. വോട്ടർ പട്ടികയുടെ അടിസ്ഥാനത്തിൽ ക്രമീകരണം, സംവരണ മണ്ഡലങ്ങളുടെയും അധ്യക്ഷന്മാരുടെയും നറുക്കെടുപ്പ് തുടങ്ങിയവയാണ് 30ന് ശേഷം നടക്കേണ്ടത്. പേര് ചേർക്കുന്നതുൾപ്പെടെ 35.98 ലക്ഷം അപേക്ഷകൾ കമ്മീഷനിലെത്തി. ഇതിൽ 5 ലക്ഷത്തിലേറെപ്പേരുടെ അപേക്ഷ അംഗീകരിച്ച് വോട്ടർ പട്ടികയിൽ ചേർത്തു. ബാക്കിയുള്ളവയുടെ പരിശോധനയും ഹിയറിങ്ങും തുടരുകയാണ്. പരാതികൾ തീർപ്പാക്കി അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച ശേഷം പേര് ഒഴിവാക്കുന്നതിന് ഫോറം എട്ടിൽ അപേക്ഷ സ്വീകരിക്കും. ഇതിന്റെ വിജ്ഞാപനം പിന്നീടുണ്ടാകും. തിരഞ്ഞെടുപ്പിന് മുൻപ് പേര് ചേർക്കാൻ വീണ്ടും സമയം അനുവദിക്കും.

മാതൃഭൂമി, ഓഗസ്റ്റ് 14

# പ്രാദേശിക ജനപ്രതിനിധിയുടെ പ്രസക്തിയും പ്രാധാന്യവും



**പി.ജെ ജെയിംസ്**
ജോയിന്റ് സെക്രട്ടറി
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ മൂന്നാം തലത്തിലുള്ള പ്രാദേശിക സർക്കാരുകളാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാ അടിസ്ഥാനത്തിലുള്ള ത്രിതല പഞ്ചായത്ത് ഭരണസംവിധാനവും നഗരവൽക്കരണത്തിന്റെ തോതനുസരിച്ച് രൂപീകരിക്കപ്പെട്ടിട്ടുള്ള മുൻസിപ്പൽ കൗൺസിലുകളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും അടിസ്ഥാനത്തിലുള്ള നഗരഭരണ സംവിധാനവും ഉൾപ്പെടുന്നതാണ് നമ്മുടെ തദ്ദേശസ്വയംഭരണ സംവിധാനം അഥവാ പ്രാദേശിക ഭരണ സംവിധാനം. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ ത്രിതല ഭരണ സമിതികളും മുൻസിപ്പൽ കൗൺസിൽ, മുനിസിപ്പൽ കോർപ്പറേഷൻതല കൗൺസിലുകളുമാണ് മേൽപ്പറഞ്ഞ അഞ്ചു തലത്തിലുള്ള സംസ്ഥാനത്തെ പ്രാദേശിക സർക്കാരുകൾ. അതിൽ തന്നെ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പൽ കൗൺസിലുകൾക്കും മുൻസിപ്പൽ കോർപ്പറേഷനുകൾക്കും മാത്രമാണ് ഒരു പ്രാദേശിക സർക്കാരിന്റെ പൂർണ്ണ അർത്ഥത്തിലുള്ള നിയന്ത്രണാധികാരമുള്ളത്.

ഇത്തരം പ്രാദേശിക ഭരണസമിതികൾക്കു വേണ്ട ജനപ്രതിനിധികളെ അവയുടെ നിയോജക മണ്ഡല അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ്. ഈ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വങ്ങളും അധികാര അവകാശങ്ങളുടെ അതിർവരമ്പുകളും ഭരണഘടനയിലും കേരള പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി നിയമങ്ങളിലും അനുബന്ധ നിയമങ്ങളിലും കൃത്യമായി നിർവചിക്കപ്പെട്ടിട്ടുണ്ട്.

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 40 ൽ (DPSP) കൃത്യമായി നിർദ്ദേശിച്ചിരുന്നിട്ടുപോലും 42ൽപരം വർഷങ്ങളെടുത്താണ് ഇന്ത്യയിൽ ഇത്തരത്തിലുള്ള പ്രാദേശിക സർക്കാരുകൾ ഉദയം കൊണ്ടത് എന്നത് ആശ്ചര്യമാണ്. അക്കാലമത്രയും വിവിധ സമിതികൾ വിഷയം പഠിക്കുകയും പരിശോധിക്കുകയും ചർച്ച നടത്തുകയും ചെയ്യുകയായിരുന്നു. അതിനൊടുവിലാണ് ഈ പ്രാദേശിക സർക്കാരുകൾക്ക് ഇന്നത്തെ ഭരണഘടനാപദവി കൈവരിക്കാനായത്.

ഇന്ത്യയെപ്പോലെ അതിബൃഹത്തായതും വ്യത്യസ്ത ഭാഷയും സംസ്കാരവും വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും മറ്റും പിന്തുടരുന്ന ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്നിടത്ത്, ഒരു പ്രാദേശി ഭരണ സംവിധാനത്തിന്റെ പ്രസക്തി എന്താണ് എന്നറിഞ്ഞുകൊണ്ടാണോ ഓരോ ജനപ്രതിനിധിയും ഭരണസമിതിയിലേക്ക് കടന്നുവരുന്നത് എന്നത് ഇവിടെ ചിന്തനീയമാണ്. ആസൂത്രിത വികസനത്തിലും തദ്ദേശഭരണ കാര്യങ്ങളിലും വർദ്ധിച്ച അളവിലുള്ള പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും, സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനും വേണ്ടിയുള്ള ഉദ്ദേശലക്ഷ്യത്തോടെയാണ് പഞ്ചായത്തുകളും നഗരസഭകളുമടങ്ങിയ പ്രാദേശികഭരണ സംവിധാനങ്ങളുടെ സ്ഥാപനത്തിനു വേണ്ടിയുള്ള നിയമം കേരളത്തിൽ നിർമ്മിക്കപ്പെട്ടത്. ഇത് സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ അത്യാവശ്യമായും ഉണ്ടായിരിക്കേണ്ട പങ്കാളിത്ത ജനാധിപത്യ (Participatory Democracy) സമ്പ്രദായത്തെ പ്രതിഫലിപ്പിക്കുന്നതാണ്. അതുകൊണ്ടാണ് ഗ്രാമസഭകളുടെയും വാർഡുസഭകളുടെയും വാർഡു കൗൺസിലുകളുടെയുമൊക്കെ സാന്നിധ്യം ബന്ധപ്പെട്ട നിയമങ്ങളിൽ കാണുന്നത്.

ഇത്തരത്തിലുള്ള ദിശാബോധത്തോടെ ഒരു പ്രാദേശിക സർക്കാരിനെ മുന്നോട്ടു നയിക്കാൻ എല്ലാ തരത്തിലും പ്രാപ്തിയുള്ള ആളുകൾ കൂടിച്ചേർന്നതാകണം അതിന്റെ ഭരണസമിതി എന്ന നയപരവും ആശയപരവും ചിന്താപരവുമായ കാഴ്ചപ്പാടിൽ നിന്നാണ് അവിടേക്ക് ജനപ്രതിനിധിയായി കടന്നുവരേണ്ട ഒരാളുടെ യോഗ്യതകളും അയോഗ്യതകളും നിശ്ചയിക്കപ്പെട്ടിരിക്കുന്നതെന്ന് സൂക്ഷ്മമായി പരിശോധിച്ചാൽ കാണുവാൻ സാധിക്കും. ഒരാൾക്ക് ഏറ്റവും പ്രാഥമികമായി വേണ്ട യോഗ്യത മത്സരിക്കാൻ ആഗ്രഹിക്കുന്ന തദ്ദേശസ്ഥാപനത്തിന്റെ വോട്ടർപട്ടികയിൽ പേരുണ്ടായിരിക്കണം എന്നതാണ്. അത്തരത്തിൽ വോട്ടർപട്ടികയിൽ പേര് ഉൾപ്പെടണമെങ്കിൽ ആ വ്യക്തി പ്രസ്തുത തദ്ദേശസ്ഥാപനത്തിലെ സാധാരണ താമസക്കാരൻ ആയിരിക്കുകയും വേണം. വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടാൻ അത് മാത്രം പോരാ. സാധാരണ ഗതിയിൽ ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായ ഭാരത പൗരനായ, സ്ഥിരബുദ്ധിയുള്ള ആളായിരിക്കുകയും വേണം. അതേസമയം 18 വയസ്സ് മാത്രമുള്ള ഒരാൾക്ക് മത്സരിക്കാൻ കഴിയുകയില്ല. മറിച്ച് നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന തീയതിയിൽ 21 വയസ്സോ അതിനു മുകളിലോ പ്രായമുള്ള ആളായിരിക്കുകയും വേണം. ഇവകൊണ്ട് മാത്രം ഒരാളുടെ അയോഗ്യതകൾ എല്ലാം മാറി എന്ന് വിവക്ഷിക്കാൻ കഴിയില്ല. മത്സരാർത്ഥി ബധിരനോ മൂകനോ ആകാൻ പാടില്ല. സർക്കാർ ഉദ്യോഗം പാടില്ല.

സർക്കാരുമായോ തദ്ദേശസ്വയം ഭരണസ്ഥാപനവുമായോ കരാർ ബന്ധം ഉണ്ടായിരിക്കുകയുമരുത്. മുൻപ് തെരഞ്ഞെടുപ്പിൽ മത്സരിച്ചതിന്റെ ചെലവ് കണക്ക് കൊടുക്കാത്തതിനാലോ, കൂറുമാറ്റ നിരോധന നിയമത്തിൻ കീഴിലോ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ കൽപ്പിച്ച അയോഗ്യതയുടെ കാലയളവ് കഴിയാതിരിക്കുകയോ, കോടതി കേസുകളിൽ അയോഗ്യതയ്ക്ക് ബാധകമായ കാലയളവിൽ ശിക്ഷിക്കപ്പെടുകയും കുറ്റം നിലനിൽക്കുകയും അതിന്മേലുള്ള അയോഗ്യതാ കാലയളവ് കഴിയാതിരുന്നാലോ, സർക്കാർ, തദ്ദേശ സ്ഥാപനങ്ങളിൽ കുടിശ്ശിക ഉണ്ടായിരിക്കുകയും അതിന്റെ തിരിച്ചടവിനുള്ള കാലാവധി അവസാനിച്ചിരിക്കുകയും ചെയ്യുക, ഒരു നിർധനനോ അതിനുള്ള അപേക്ഷകനോ ആയിരിക്കുക, അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്യുന്നതിൽ നിന്നും വിലക്കപ്പെട്ടിരിക്കുകയോ, സാൻമാർഗിഗ കുറ്റകൃത്യത്തിന് മൂന്ന് മാസത്തിൽ കുറയാതെയുള്ള കാലത്തേക്ക് ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലോ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുള്ള പ്രധാന അയോഗ്യതകളാണ്. ഇത്തരം യോഗ്യതകളും അയോഗ്യതകളും കൽപ്പിച്ചിട്ടുള്ളത് ജനപ്രതിനിധികളായി വരുന്നവർ വളരെ നിസ്വാർത്ഥരും സേവനതൽപരരും ഉത്തരവാദിത്വ ബോധത്തോടെ ഭരണസമിതിയെ മുന്നോട്ട് നയിക്കാൻ കഴിവുള്ളവരും ജനങ്ങളുടെ ശബ്ദം ഭരണകാര്യങ്ങളിൽ പ്രതിഫലിപ്പിക്കാൻ കഴിയുന്നവരുമാകണമെന്നും, അതിൽ കളങ്കിതരും അഴിമതിക്കാരും ക്രിമിനൽ സ്വഭാവമുള്ളവരും സ്വജനപക്ഷപാതികളും ഉൾപ്പെടാൻ പാടില്ല എന്നതുകൊണ്ടുമാണ്. അതോടൊപ്പം തങ്ങളുടെ പ്രദേശത്ത് തങ്ങൾക്ക് വേണ്ട വികസന പദ്ധതികൾ ആ പ്രദേശത്ത് വസിക്കുന്നവർ തന്നെ നേതൃത്വം നൽകി ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലുമാണ്. ഇത്തരത്തിലുള്ള ജനകീയ ആസൂത്രണമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖമുദ്ര. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലെ വ്യത്യാസം 1994 ന് മുൻപും അതിനു ശേഷവും എന്നീ രണ്ടുതരം തിരിവുകളിലൂടെ നമുക്ക് ദർശിക്കാൻ കഴിയുന്നതുമാണ്. കേരളത്തിലെ പ്രാദേശിക സർക്കാരുകളുടെ സ്ഥാപനത്തിനടിസ്ഥാനമായ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കാൻ അവയിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ടവരുടെ യോഗ്യതകളും അയോഗ്യതകളും നിശ്ചയിച്ച് നിയമപരമായി എങ്ങനെ അവയുമായി ബന്ധപ്പെടുത്തിയിരിക്കുന്നു എന്നതിന്റെ ഒരു ചെറുവിവരണമാണ് ഇവിടെ പ്രതിപാദിച്ചിട്ടുള്ളത്.

ജനാധിപത്യത്തിന്റെ ഉത്സവമാണ് തിരഞ്ഞെടുപ്പുകൾ എന്ന് നാം ആലങ്കാരികമായി വർണിക്കാറുണ്ട്. എന്നാൽ ആ ഉത്സവച്ഛായയ്ക്ക് അപ്പുറം വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള സംവിധാനത്തിലെ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അന്തസത്ത ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന യഥാർത്ഥ സേവനതൽപരരായവർ നമ്മുടെ പ്രാദേശിക സർക്കാരുകളിൽ ജനപ്രതിനിധിയായി തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള ജാഗ്രതയും കാഴ്ചപ്പാടും പൊതുസമൂഹം പുലർത്തേണ്ടതാണ്. അത് ഈ സംവിധാനത്തിന്റെ വിജയകരമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതവുമാണ്.



Ensuring Inclusive Electoral Participation for All എന്ന വിഷയത്തിൽ ചീഫ് ഇലക്ടറൽ ഓഫിസർ സംഘടിപ്പിച്ച ശിൽപശാലയിലെ ചർച്ചകളുടെയും നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയാറാക്കിയ റിപ്പോർട്ട്, ചീഫ് ഇലക്ടറൽ ഓഫീസർ രത്തൻ ഖേൽക്കർ ഐഎഎസ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ ഐഎഎസിന് കൈമാറുന്നു.